നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ 2004 മുതൽ 'ഹരിതനഗരി' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. നാളിതുവരെ 16600-ൽപ്പരം നഗരവാസികൾ പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കളായി മാറിക്കഴിഞ്ഞിട്ടുണ്ട്.

(ബി) സബ്സിഡി നിരക്കിൽ ഗ്രോബാഗുകൾ നൽകുന്നതിനൊപ്പം തന്നെ ഗുണഭോക്താക്കൾക്ക് കൃഷി രീതികളെക്കുറിച്ചും, പരിപാലനം, വളപ്രയോഗം, രോഗകീടനിയന്ത്രണം എന്നിവയെക്കുറിച്ചും കൃഷി ഭവൻ തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് നടത്തിവരുന്നുണ്ട്. കൂടാതെ പച്ചക്കറി കൃഷി സംബന്ധിച്ച് ലഘുലേഖകളും ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 'സുരക്ഷിത പച്ചക്കറി കൃഷിക്ക് ഒരു മാർഗ്ഗരേഖ' എന്ന കൈപുസ്തകം നൽകിവരുന്നുണ്ട്.

നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ

132 (3100) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപാദനത്തിന്റെ വിഷയത്തിൽ എക്സൈസ് വകുപ്പും കൃഷിവകുപ്പും തമ്മിൽ എന്തെങ്കിലും തർക്കം നിലവിലുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ നിയമനിർമ്മാണത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

ആറളം ഫാമിംഗ് കോർപ്പറേഷൻ

133 (3101) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറളം ഫാമിംഗ് കോർപ്പറേഷന്റെ ഭൂമിയിൽ നിലവിൽ ഏതെല്ലാം കൃഷികളാണ് നടത്തുന്നത് ; ഹോർട്ടികൾച്ചർ മിഷൻ എത്ര ഏക്കർ ഭൂമിയിൽ എന്തെല്ലാം കൃഷി നടത്തുന്നുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെ എത്ര ഏക്കറിലാണ് കരിങ്കൽക്വാറി നടത്തുന്നത് ; ഇത് നടത്തുന്നതിന് പാരിസ്ഥിതികാഘാതപഠനം നടത്തിയിട്ടുണ്ടോ ; ഇതിന് മൈനിങ് ആന്റ് ജിയോളജി, മലിനീകരണനിയന്ത്രണബോർഡ്, ഗ്രാമപഞ്ചായത്ത് എന്നിവയുടെ അനുമതി ലഭിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(സി) അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ആറളം ഫാമിംഗ് കോർപ്പറേഷന്റെ ഭൂമിയിൽ നിലവിൽ തെങ്ങ്, കവുങ്ങ്, കശുമാവ്, കൊക്കോ, കുരുമുളക്, മാവ്, കൈതച്ചക്ക (പാട്ടകൃഷി), ഔഷധ സസ്യങ്ങൾ എന്നിവയാണ് കൃഷി ചെയ്തുവരുന്നത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം 1000 ച.മീറ്ററിൽ പോളീഹൗസ് കൃഷി, 25 ലക്ഷം രൂപയുടെ മാതൃകാ നഴ്സറി എന്നിവയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം ദേശീയ ഔഷധ സസ്യമിഷൻ പദ്ധതി പ്രകാരം 812.5 ഏക്കർ സ്ഥലത്ത് ഔഷധസസ്യകൃഷി നടപ്പിലാക്കി വരുന്നു. ഇതിൽ 250 ഏക്കർ അശോകം, 125 ഏക്കർ കൂവളം, 250 ഏക്കർ കുമിഴ്, 125 ഏക്കർ തിപ്പലി, 62.5 ഏക്കർ ശതാവരി എന്നീ ഔഷധ സസ്യങ്ങൾ ഉൾപ്പെടും.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ

134 (3103) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത ഫാമുകളിൽ ഡെയറി യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷി രീതി പ്രസ്തുത ഫാമുകളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly